പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2813 | 21.06.2012 – ൽ മറുപടിക്ക്

## കണ്ടമൺ പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കൊല്ലം -ആയൂർ റോഡിലുള്ള മൊട്ടക്കാവ് പാലം (കണ്ടമൺ) നിർമ്മിക്കുന്നതിലേക്ക് അവസാനം ടെണ്ടർ നൽകിയ തീയതി, കരാറുകാരൻ എഗ്രിമെന്റ് വച്ച തീയതി, കരാർ തുക, കരാർ പ്രകാരം പാലം പണി പൂർത്തീകരിക്കേണ്ടുന്ന തീയതി എന്നിവ അറിയിക്കുമോ ; | (എ) | കൊല്ലം-ആയൂർ റോഡിലുള്ള മൊട്ടക്കാവ് പാലം നിർമ്മാണത്തിനുള്ള ടെണ്ടർ തീയതി 18.09.2008, കരാറുകാരൻ എഗ്രിമെന്റ് വച്ച തീയതി - 30.10.2009, കരാറുതുക രൂപ 35531418/- കരാറുപ്രകാരം പാലം പണി പൂർത്തീകരിക്കേണ്ട തീയതി 19.04.2011 എന്നിവ ആണ്. |
| (ബി) | പ്രസ്തുത നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ ആരാണ്; പ്രസ്തുത കരാറുകാരന് നാളിതുവരെ എത്ര രൂപ നൽകിയിട്ടുണ്ട് ; | (ബി) | പ്രസ്തുത നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ ശ്രീ.ജോസ് തോമസ് ആണ്. നാളിതുവരെ കരാറുകാരന് രൂപ 30020717/- നൽകിയിട്ടുണ്ട്. |
| (സി) | കണ്ടമൺപാലം നിർമ്മാണം കരാർ നൽകിയതിന് ശേഷം പുതിയ തരം തൂണുകൾ നിർമ്മിക്കുന്നതിലേക്ക് അനുമതി നൽകി | (സി) | പുതിയതരം തൂണുകൾ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ജി.ഒ. (ആർ.റ്റി.) നമ്പർ.1484/2009/പൊമവ തീയതി 15.10.2009 പ്രകാരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം പഴയ |

| | | | |
|---|---|---|---|
| | യിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; അതിൻപ്രകാരം പഴയ തൂണുകൾ പൊളിച്ച് നീക്കി പുതിയ തരം തൂണുകൾ നിർമ്മിച്ചിട്ടുണ്ടോ ; | | തൂണുകൾ പൊളിച്ചു നീക്കി പുതിയ തരം തൂണുകൾ നിർമ്മിച്ചു. പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്. |
| (ഡി) | പുതിയ തരം തൂണുകൾ നിർമ്മിക്കുമ്പോൾ എസ്റ്റിമേറ്റ് തുക പുതുക്കി നൽകുവാൻ നിയമപരമായി ബാദ്ധ്യതയുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ പ്രസ്തുത പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് പുതുക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവോ; പ്രസ്തുത രേഖ എന്നാണ് ലഭിച്ചതെന്ന് അറിയിക്കുമോ; | (ഇ) | സമർപ്പിച്ചിരുന്നു. പ്രസ്തുത രേഖ 12.07.2010 -ൽ സർക്കാരിൽ ലഭിച്ചു. |
| (എഫ്) | പാലം പണിയുവാനുള്ള എസ്റ്റിമേറ്റ് റിവൈസ് ചെയ്തു ലഭിക്കുന്നതിലേക്കായി ചീഫ് ടെക്കനിക്കൽ എക്സാമിനർക്ക് ബന്ധപ്പെട്ട രേഖകൾ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത് ; എത്രമാസം പ്രസ്തുത ഫയലിൽ തീരുമാനമെടുക്കാതെ തടസ്സപ്പെട്ട് കിടന്നു | (എഫ്) | പാലം പണിയാനുള്ള എസ്റ്റിമേറ്റ് റിവൈസ് ചെയ്തു ലഭിക്കുന്നതിലേയ്ക്കായി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് ബന്ധപ്പെട്ട എല്ലാ രേഖകളും നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ 27.12.2010 ലും, 08.08.2011 ലും സമർപ്പിച്ചിട്ടുണ്ട്. ഏകദേശം ഒരു കൊല്ലമായി തീരുമാനമാകാതെ തടസ്സപ്പെട്ടു കിടക്കുന്ന ബന്ധപ്പെട്ട ഫയൽ ചീഫ് |

| | | | |
|---|---|---|---|
| | വെന്നും അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ ആരുടെ കൈവശമാണെന്ന് അറിയിക്കുമോ ; | | ടെക്നിക്കൽ എക്സാമിനറുടെ കൈവശമാണുള്ളത്. |
| (ജി) | പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതിലേക്ക് ആർ.ഇ.പാസ്സാക്കി നൽകാത്തതുമായി ബന്ധപ്പെട്ട് കോടതിയിൽ കരാറുകാരൻ കേസ്സുകൾ നൽകിയിട്ടുണ്ടോ ; | (ജി) | നൽകിയിട്ടുണ്ട്. |
| (എച്ച്) | ആർ.ഇ.പാസ്സാക്കി നൽകുവാനുണ്ടായ കാല താമസത്തിന് കരാറുകാരൻ അധികനിരക്കോ,പലിശയോ ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇത് എത്രരൂപയാണെന്ന് വ്യക്തമാക്കുമോ ; | (എച്ച്) | ഇല്ല |
| (ഐ) | റിവൈസ്ഡ് എസ്റിമേറ്റിന്റെ കാര്യത്തിൽ കാലതാമസം വന്നതുമൂലം അധിക തുക കരാറുകാരന് നൽകേണ്ടി വന്നാൽ പ്രസ്തുത തുക കാലതാമസത്തിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഐ) | റിവൈസ്ഡ് എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട് യാതൊരു കാലതാമസവും ഉദ്യോഗസ്ഥർ വരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ജെ) | കണ്ടമൺ പാലത്തിന്റെ പണി 95%ഉം ഇപ്പോൾ പൂർത്തീകരിച്ചുവെങ്കിലും ആർ.ഇ.പാസ്സാക്കി നൽകുന്നതിലുള്ള തടസ്സങ്ങളും, തർക്കങ്ങളും നിമിത്തം പഴയ പാലമാണ് ഇപ്പോഴും ഉപയോഗിക്കുന്ന തെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇതുമൂലം സംഭവിക്കാനിടയുള്ള കഷ്ട നഷ്ടങ്ങൾക്ക് ഉത്തരവാദി ആരാണ് ; വ്യക്തമാക്കാമോ; | (ജെ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിക്കുന്നതാണ്. |
| (കെ) | കണ്ടമൺ പാല നിർമ്മാണ വുമായി ബന്ധപ്പെട്ട വിഷയങ്ങളിൻമേൽ അടിയന്തിര ശ്രദ്ധ നൽകി പാലം പൊതുജനങ്ങൾക്ക് ഗതാഗതത്തിനായി സമർപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (കെ) | പുതിയ പാലം പൊതുജനങ്ങൾക്ക് ഗതാഗതത്തിനായി തുറന്നു കൊടുക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |

Lalitha

സെക്ഷൻ ഓഫീസർ

ഗവൺമെന്റ്

**GOVERNMENT OF KERALA**

Abstract

PWD - NABARD RIDF XIV - Reconstruction of Muttakkavu bridge (Kundumon bridge) in Kollam Ayur road - sanction to accept tender - revised orders issued.

**PUBLIC WORKS (D) DEPARTMENT**

G.O (Rt) No. 1484/09/PWD Dated, Thiruvananthapuram, 5.10.09

Read. 1) G.O.(Rt) 1392/09/PWD dt: 18.9.2009
2) Letter No. CE/R&B/NB-14/27/07 dt: 30.9.09 from CE(R&B), TVPM.

**ORDER**

Sanction was accorded vide G.O read as 1st paper above to accept the tender from Sri.Jose Thomas, Jose Bungalow, Pidavoor P.O, Pathanapuram at 38% above estimate rate for the reconstruction of Muttakkavu Bridge (balance work) in Kollam-Ayur road, subject to the conditions that there will not be any change in the design of foundation and superstructure of the bridge.

The Chief Engineer in his letter read as 2nd paper above has now reported that owing to the old age of the bridge and soil condition at the site, the driving down of the existing top weared piles of the bridge are not possible and safe due to the phenomena of thixotropy. Further driving down of the old piles will damage the head of piles. Hence change in the design of foundation and superstructure of the bridge is necessary.

Government have reexamined the matter in detail and are pleased to delete the above condition mentioned in the G.O read as 1st paper above. The GO stands modified to this effect.

By Order of the Governor,
N.Sudarsanan Pillai
Additional Secretary

The Chief Engineer (R&B), PWD, Thiruvananthapuram
The Superintending Engineer (R&B), South Circle, TVPM
The Executive Engineer, R&B, Kollam
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram.
Finance Dept
SF/OC.

(This issues with the concurrence of Finance Dept)

Forwarded/by order

Section Officer